കേരള ഗവൺമെന്റ് ഈ കാര്യത്തിൽ ഇടപെട്ട് ഇവിടെയുള്ള നാല്പതിനായിരം ജീവനക്കാരുടെ പ്രശ്നംകൂടി കണക്കിലെടുത്ത് ഇത് പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം എന്നാണ് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇന്ത്യ മുഴുവൻ പ്രവർത്തനം നടത്തുന്ന ഒരു കമ്പനിയുടെ പ്രശ്നമാണ്. കൽക്കട്ട ഹൈക്കോടതിയുടെ ഒരു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൂട്ടായി ഉണ്ടായ സംഭവത്തെ തുടർന്ന് ഉണ്ടായിട്ടുള്ളതാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ പ്രൊവിഷൻ അനുസരിച്ച് കേരള ഗവൺമെന്റിന് ഈ വിഷയത്തിൽ യാതൊരു ജൂറിസ്ഡിക്ഷനുമില്ല. സെൻട്രൽ ഗവൺമെന്റിനാണ് ഇതിന്റെ ജൂറിസ്ഡിക്ഷൻ. അവരുടെ ലേബർ ഡിപ്പാർട്ടുമെന്റിനാണ് ജൂറിസ്ഡിക്ഷൻ ഉള്ളത്. അതുകൊണ്ടായിരിക്കണം ഇതിലെ തൊഴിലാളികളോ ബന്ധപ്പെട്ട യൂണിയനുകളോ ആരെങ്കിലുംതന്നെ സംസ്ഥാന ഗവൺമെന്റിന് ഇതു സംബന്ധിച്ച യാതൊരു പരാതിയും തന്നിട്ടില്ല. തന്നാൽതന്നെയും നിയമപരമായി നടപടി എടുക്കുന്നതിന് ജൂറിസ്ഡിക്ഷന്റെ പരിമിതിയുണ്ട്. എങ്കിലും, നമ്മുടെ രാജ്യത്ത് നടക്കുന്ന ഒരു പ്രശ്നമെന്നുള്ള നിലയിൽ സെൻട്രൽ ലേബർ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ഇതിൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്. ഞങ്ങളുടെ അന്വേഷണത്തിൽ ഇന്നലെ ഇതിനെസംബന്ധിച്ച് കൽക്കട്ടയിൽ ഒരു ചർച്ച നടന്നതായിട്ടാണ് അറിവ്. ആ ചർച്ച തുടരുമെന്നും പ്രശ്നം പരിഹരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകുമെന്നുമാണ് ഗവൺമെന്റിന്റെ അറിവ്.

## (7) പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനം വികസനം

ശ്രീ. എ.കെ. പത്മനാഭൻ: സർ, പ്ലാന്റേഷൻ കോർപ്പറേഷന്റെ പേരാമ്പ്ര എസ്റ്റേറ്റിന്റെ വികസനത്തിനുവേണ്ടി 1981-ൽ കൂത്താളി മേഖലയിൽനിന്ന് 341 ഹെക്ടർ സ്ഥലം ഗവൺമെന്റ് അനുവദിച്ചു. വനസംരക്ഷണ നിയമത്തിന്റെ തടസ്സം പറഞ്ഞുകൊണ്ട് ആ സ്ഥലം ഏറ്റെടുക്കുന്നതിൽനിന്ന് പ്ലാന്റേഷൻ കോർപ്പറേഷനെ വനംവകുപ്പ് ഇപ്പോഴും തടഞ്ഞിരിക്കുകയാണ്. വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഈ ഭൂമി പെടില്ലെന്ന് ലോകസഭയിൽ പ്രധാനമന്ത്രിയും, നിയമസഭയിൽ കൃഷിവകുപ്പുമന്ത്രിയും വ്യക്തമാക്കിയിട്ടും വനം വകുപ്പ് എന്തിനാണ് ഇതിന് തടസ്സം നിൽക്കുന്നതെന്ന് അറിയില്ല. കേന്ദ്രഗവൺമെന്റിന്റെ അനുമതി ആവശ്യമാണെങ്കിൽ ഈ കാര്യത്തിൽ അനുമതി വാങ്ങിക്കൊണ്ട് പ്ലാന്റേഷൻ കോർപ്പറേഷന്റെ വികസനത്തിനുവേണ്ടിയും അവിടെയുള്ള 240 ഓളം തൊഴിലാളികളെ സ്ഥിരപ്പെടുത്താനും, സാധിക്കുന്ന വിധത്തിൽ പ്രവർത്തിക്കുന്നതിന് ഗവൺമെന്റ് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ.കെ.പി. നൂറുദ്ദീൻ): സർ, ഈ ഭൂമിയുടെ പ്രശ്നത്തിൽ ചില സാങ്കേതികമായ പ്രശ്നങ്ങളും നിയമപരമായ പ്രശ്നങ്ങളുമുണ്ട്. 1973-ലാണ് കൂത്താളി എസ്റ്റേറ്റിനുവേണ്ടി 651 ഹെക്ടർ സ്ഥലം ഗവൺമെന്റ് അനുവദിച്ചത്. പക്ഷേ അവിടെ മരങ്ങളെല്ലാം വെട്ടി അന്നുതന്നെ ടെൻഡർ ചെയ്തുകൊടുത്തിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

വെന്നും അതിൽനിന്ന് 341 ഹെക്ടർ സ്ഥലം കൃഷിക്ക് പാടുകയില്ലെന്ന് സോയിൽ കൺസർവേഷൻ വിഭാഗം പറഞ്ഞതിനെതുടർന്ന് വീണ്ടും അത് വനത്തിന്റെ ഭാഗമായിട്ട് നിലനിൽക്കുകയായിരുന്നു. ആദ്യം കൊടുത്തപ്പോഴും dissever ചെയ്യാത്തതുകൊണ്ട് വനഭൂമിയുടെ പട്ടികയിൽതന്നെയാണ് ആ സ്ഥലം ഇപ്പോഴും നിൽക്കുന്നത്. 1981-ൽ പ്ലാന്റേഷൻ കോർപ്പറേഷന് ആ സ്ഥലം വിട്ടുകൊടുത്തതായിട്ട് തീരുമാനമെടുത്തെങ്കിലും 1980-ൽ വന്ന നിയമത്തിന്റെ പരിധിയിൽപ്പെടുന്നതുകൊണ്ട് ഇന്ത്യാഗവൺമെന്റിന്റെ അനുവാദം വേണമെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. ഏതായിരുന്നാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യാഗവൺമെന്റിന്റെ അനുവാദം എത്രയുംവേഗം വാങ്ങിച്ച് ഈ സ്ഥലം പ്ലാന്റേഷൻ കോർപ്പറേഷന് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(8) തൃശ്ശൂർ—കുന്നംകുളം റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സർ, തൃശ്ശൂർ—കുന്നംകുളം റോഡിൽ (എ. കെ. ജി. മുതൽ കുന്നംകുളം വരെയുള്ള പ്രദേശം പ്രത്യേകിച്ച് തുടർച്ചയായി വാഹന അപകടങ്ങളുടെ ഒരു കേന്ദ്രമായിരിക്കുകയാണ്. അവിടെ കഴിഞ്ഞ ആഴ്ചയിൽ സംഭവിച്ച വാഹന അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകണമെന്നാണ് സഭയിൽ ഇപ്പോൾതന്നെ ശ്രീമാൻ കുഞ്ഞാലിക്കുട്ടി ആവശ്യപ്പെട്ടത്. വാഹന അപകടങ്ങൾ ഉണ്ടാകുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും പി. ഡബ്ലിയു. ഡി. ക്കും ഗവൺമെന്റിനുമല്ലാതെ മറ്റാർക്കുമല്ല. നാഷണൽ ഹൈവേ പണിയാരംഭിച്ച് കൈപ്പറമ്പുവരെ ആയതിനുശേഷം ഡൈവർട്ട് ചെയ്തതാണ്. അവിടെനിന്ന് അങ്ങോട്ട് ഗുരുവായൂരിലേക്കുള്ള ദേശീയപാത നിർമ്മിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കുകയും സെൻട്രൽ റോഡ് ഫണ്ടിൽനിന്ന് പകുതി സംഖ്യ വഹിക്കുന്നതിന് ആവശ്യമായ രീതിയിൽ ഉത്തരവാകുകയും ചെയ്തതാണ്. ആ പദ്ധതി മനഃപൂർവ്വം മാറ്റിവച്ചു. മാറ്റിവച്ചപ്പോൾ പറഞ്ഞ ന്യായീകരണം ആ റോഡ് ഡവലപ്പ്മെന്റ് നടത്തുമെന്നാണ്. ഗുരുവായൂർ റെയിൽവേയുമായിട്ട് ബന്ധപ്പെടുന്ന സ്ഥലമല്ല. തൃശ്ശൂരിനും കോഴിക്കോടിനും പോകുന്ന തീർത്ഥാടകർ, യാത്രക്കാർ തുടങ്ങി ഏറ്റവും കൂടുതൽ വാഹനങ്ങൾ ഓടുന്ന റോഡാണ്. ആ റോഡ് ഡവലപ്പ് ചെയ്യുന്നതിനുവേണ്ടി ഒന്നും ചെയ്യാതെ ഗുരുവായൂർ ദേശീയ പാതയുടെ നിർമ്മാണം മനഃപൂർവ്വം ഉപേക്ഷിച്ച് ആ റോഡിന് ഡവലപ്പ്മെന്റ് നടത്താത്തതിന്റെ ഫലമായാണ് വാഹനത്തിരക്കുമൂലം അവിടെ ആഴ്ചയിൽ ഒന്ന് എന്ന രീതിയിൽ റോഡപകടങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനെക്കുറിച്ച് എന്തെങ്കിലും ചെയ്യാൻ സാധിച്ചില്ലെങ്കിൽ റോഡപകടത്തിൽ അവിടെ വീണുമരിക്കുന്നവർക്ക് സ്ഥിരമായി എന്തെങ്കിലും ആശ്വാസം നൽകുന്നതിന് ഒരു നിയമനിർമ്മാണമെങ്കിലും വേണം സർ. അതൊന്നുമില്ലാതെ അവിടെ ഒരു മരണക്കെണി ഏർപ്പെടുത്തിയാൽ ആ മരിച്ചവരുടെ ആത്മാവ് ഈ മരാമത്തുവകുപ്പുമന്ത്രിയെ വെറുതെ വിടുമോ സർ? അത്ര വലിയ പാപമല്ലേ ചെയ്യുന്നത്?

ഉപമുഖ്യമന്ത്രി (ശ്രീ. അവുക്കാദർകുട്ടി നഹ): സർ, വാഹന അപകടങ്ങളുണ്ടാകുന്നത് റോഡിന്റെ ശോച്യാവസ്ഥകൊണ്ടു മാത്രമല്ല. ഏറ്റവും നല്ല റോഡുകളിൽപ്പോലും വാഹന അപകടം ഉണ്ടാകുന്നുണ്ട്, പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly